വയനാട്ടിലെ ഭൂരഹിതരായ ആദിവാസികൾക്ക് ഭൂമി നൽകുന്നതിനുള്ള നടപടികൾ

127(816) ശ്രീ. പി. കൃഷ്ണപ്രസാദ് :
ശ്രീ. കെ. സി. കുഞ്ഞിരാമൻ :
ശ്രീ. ടി. പി. കുഞ്ഞുണ്ണി :
ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വയനാട്ടിലെ ഭൂരഹിതരായ ആദിവാസികൾക്ക് ഭൂമി നൽകുന്നതിനുള്ള നടപടികൾ ഇപ്പോൾ ഏതുഘട്ടത്തിലാണ് ; വിശദാംശം നൽകുമോ ;

(ബി) എത്ര ആദിവാസികൾക്കാണ് ഭൂമി നൽകാനുള്ളത് ; ഇതിന് എത്ര ഏക്കർ ഭൂമി വേണ്ടി വരും ;

(സി) വയനാട്ടിൽ സർക്കാർ ഭൂമി കയ്യേറിയവരെ ഒഴിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ഡി) ആദിവാസികൾക്ക് വിതരണം ചെയ്യുന്നതിനായി എത്ര ഏക്കർ ഭൂമി വിലയ്ക്കു വാങ്ങുമെന്ന് വെളിപ്പെടുത്തുമോ ;

(ഇ) വനാവകാശ നിയമ പ്രകാരം വയനാട്ടിൽ എത്ര ആദിവാസികൾക്ക് ഭൂമി വിതരണം ചെയ്തിട്ടുണ്ടെന്ന് അറിയിക്കുമോ ?

ഉത്തരം

(എ) കണ്ണൂർ ജില്ലയിലെ ആറളം ഫാമിൽ 800 ഏക്കർ സ്ഥലം വയനാട് ജില്ലയിലെ ഭൂരഹിതരായ ആദിവാസികൾക്ക് വിതരണം ചെയ്യുന്നതിനുള്ള നടപടി ത്വരിതഗതിയിൽ നടന്നുവരികയാണ്. ആദിവാസി ഭൂസംരക്ഷണ നിയമ പ്രകാരം ജില്ലയിൽ 1563 കേസ്സുകളിലായി 2389 ഏക്കറിൽപ്പരം ഭൂമി അന്യാധീനപ്പെട്ട കുടുംബങ്ങൾക്ക് നൽകേണ്ടതുണ്ട്. മേൽ പറഞ്ഞ 1563 കേസ്സുകളിൽ 245 കുടുംബങ്ങൾ തീർത്തും ഭൂരഹിതരാണ്. 429 കുടുംബങ്ങൾ 10 സെന്റോ അതിൽ താഴെയോ ഭൂമി കൈവശം ഉള്ളവരാണ്. ഈ ആവശ്യത്തിലേക്കായി ഏകദേശം 516 ഹെക്ടർ നിക്ഷിപ്ത വനഭൂമി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. പ്രസ്തുത ഭൂമി കണ്ടെത്തുന്നതിന് ഫോറസ്റ്റ് റവന്യൂ, ട്രൈബൽ ഉദ്യോഗസ്ഥൻമാർ സംയുക്ത പരിശോധന നടത്തിവരുന്നു.

(ബി) പട്ടിക വർഗ്ഗ വികസന വകുപ്പ് നടത്തിയ സർവ്വേ പ്രകാരം വയനാട് ജില്ലയിൽ, 7873 കുടുംബങ്ങളാണ് ഭൂരഹിതരായിട്ടുള്ളത്. സർക്കാരിന്റെ നയം അനുസരിച്ച് ഓരോ കുടുംബത്തിനും ഒരേക്കർ ഭൂമി വിതരണം ചെയ്യുവാൻ 8000 ഏക്കറോളം ഭൂമി വേണ്ടിവരും.

(സി) കേരള ഭൂസംരക്ഷണ നിയമ പ്രകാരം സർക്കാർ ഭൂമി കയ്യേറിയവരെ ഒഴിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഈ സാമ്പത്തിക വർഷം ഭൂരഹിതരായ ആദിവാസികൾക്ക് വിതരണം ചെയ്യുന്നതിനായി 1000 ഏക്കർ ഭൂമി വിലയ്ക്ക് വാങ്ങുന്നതിനായി 40 കോടി രൂപ ആദിവാസി പുനരധിവാസ വികസനമിഷൻ അനുവദിച്ചിട്ടുണ്ട്. വിപുലമായ പരസ്യത്തെ തുടർന്ന് 2000-ത്തിൽപരം ഏക്കർ ഭൂമി വിൽക്കുന്നതിനുള്ള അപേക്ഷ ലഭിക്കുകയും ആയതിൽ പതിച്ചു കൊടുക്കാൻ അനുയോജ്യമാണെന്ന് കണ്ടെത്തിയിട്ടുള്ളതിൽ നടപടിക്രമങ്ങൾ പൂർത്തിയാക്കിയ ഭൂമി വിലക്കു വാങ്ങുവാൻ അംഗീകാരത്തിനായി സംസ്ഥാനതല ഉന്നതാധികാര സമിതിക്ക് ശിപാർശ സമർപ്പിച്ചിട്ടുണ്ട്. 40 കോടി രൂപ ഉപയോഗിച്ച് ഏകദേശം 400 ഏക്കർ ഭൂമി ഈ സാമ്പത്തിക വർഷത്തിൽ വാങ്ങി വിതരണം ചെയ്യാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(ഇ) 3842 പേർക്ക് കൈവശാവകാശ രേഖ നൽകിയിട്ടുണ്ട്.

റസിഡൻസി, നേറ്റിവിറ്റി, ജാതി സർട്ടിഫിക്കറ്റുകൾ എന്നിവ ലഭിക്കുന്നതിന് നേരിടുന്ന ബുദ്ധിമുട്ടുകൾ

128(817) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തീർത്ഥാടനവുമായി ബന്ധപ്പെട്ടുംമറ്റും വിദേശയാത്ര നടത്തുന്നവർക്ക് പാസ്പോർട്ട് എടുക്കുന്നതിനുവേണ്ട സർട്ടിഫിക്കറ്റുകൾ താലൂക്ക് ഓഫീസുകളിൽ നിന്നു ലഭിക്കുന്നതിനു നേരിടേണ്ടിവരുന്ന ബുദ്ധിമുട്ടുകളെക്കുറിച്ചുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) റസിഡൻസി, നേറ്റിവിറ്റി, ജാതി സർട്ടിഫിക്കറ്റുകളുടെ കാര്യത്തിൽ വില്ലേജ് ഓഫീസർ നല്കുന്ന റിപ്പോർട്ടിന് പുറമേ, അതേ അഡ്രസ്സിലെ ഡ്രൈവിംഗ് ലൈസൻസ്, റേഷൻകാർഡ് തുടങ്ങിയ രേഖകൾകൂടി ഹാജരാക്കിയാലേ സർട്ടിഫിക്കറ്റ് നല്കാവൂ എന്ന് നിർദ്ദേശം നല്കിയിട്ടുണ്ടോ ;

(സി) അങ്ങനെ താലൂക്ക് ഓഫീസുകൾ നിർബന്ധിക്കുന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) വാടകയ്ക്ക് താമസിക്കുന്നവർ, കൂട്ടുകുടുംബങ്ങളിൽ താമസിക്കുന്നവർ, പുതിയ വീട്ടിലേക്ക് താമസം മാറ്റിയവർ എന്നിവർക്കൊന്നും, പുതിയ അഡ്രസ്സിൽ റേഷൻകാർഡോ, അതുപോലുള്ള രേഖകളോ ഉണ്ടാവില്ല എന്നതു പരിഗണിച്ച് വില്ലേജ് ഓഫീസറുടെ വിശദമായ റിപ്പോർട്ടിന്മേൽ റസിഡൻസി, നേറ്റിവിറ്റി, ജാതി സർട്ടിഫിക്കറ്റുകൾ നൽകാൻ നിർദ്ദേശം നല്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി&സി) സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന ഉത്തരവുകളുടെയും അപേക്ഷകൻ ഹാജരാക്കുന്ന രേഖകളുടെയും വില്ലേജോഫീസർ നടത്തുന്ന പ്രാദേശിക അന്വേഷണത്തിന്റെയും അടിസ്ഥാനത്തിൽ സംസ്ഥാനവാശ്യത്തിന്, വില്ലേജോഫീസറും സംസ്ഥാനേതര ആവശ്യത്തിന് വില്ലേജ് ഓഫീസറുടെ

LIBRARY ARCHIVES Kerala Legislative Assembly